DESPATCHED
On..9/1/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1255*(3)/2022* എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 13836/എസ്.ഐ.സി–ജി1/2022)**

**സന്നിഹിതൻ**
**ശ്രീ .എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
തീയതി: 28.12.2022

ശ്രീ. എൻ.കെ.ഗിരീഷ് കുമാർ
സാരംഗ്, റ്റി.സി.24/643(2)
ഈയ്യക്കുഴി, നെട്ടയം പി.ഒ.
തിരുവനന്തപുരം
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
വട്ടിയൂർക്കാവ് സോണൽ ഓഫീസ്
തിരുവനന്തപുരം നഗരസഭ

2. അപ്പീൽ അധികാരി
വട്ടിയൂർക്കാവ് സോണൽ ഓഫീസ്
തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/06/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.07.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21/07/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.09.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.09.2022 |

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ സാരംഗിൽ ശ്രീ.എൻ.കെ.ഗിരീഷ് കുമാർ, തിരുവനന്തപുരം നഗരസഭയിലെ വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ പബ്ലിക്ക് ഇൻ ഫർമേഷൻ ഓഫീസർക്ക് 20.06.2022 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും തുടർന്ന് നൽകിയ ഒന്നാം അപ്പീലിനും മറുപടി നിഷേധിച്ചെന്ന്, ആരോപിച്ചാണ് ടിയാൻ 06.09.2022 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. ആയതിന്മേൽ എസ്.പി.ഐ.ഒ. കമ്മീഷൻ

മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ എസ്.പി.ഐ.ഒ. അപ്പീൽ ഹർജിക്കാരന് നൽകിയ മറുപടിയിൽ സൂചിപ്പിച്ച പ്രകാരം നിശ്ചിത ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ടി രേഖകൾ ഒരിക്കൽക്കൂടി അപ്പീൽ ഹർജിക്കാരന് അയച്ചു കൊടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഈ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ഡിസംബർ 28 ന് ഉത്തരവാകുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *